പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം: 460 06-03-2012-ൽ മറുപടിക്ക്

## പഞ്ചായത്ത് നഗരപാലികാ ബില്ലിലെ വ്യവസ്ഥകൾ പുന:സ്ഥാപിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.റ്റി.എ.റഹീം | ഡോ.എം.കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |
| (എ) ബാറുകളും മദ്യഷാപ്പുകളും ആരംഭിക്കുവാൻ അനുവാദം നൽകുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പഞ്ചായത്ത് നഗരപാലികാ ബില്ലിലെ വ്യവസ്ഥകൾ പുന:സ്ഥാപിക്കാനുള്ള സർക്കാർ നടപടി ഏതുവരെയായി എന്ന് വ്യക്തമാക്കുമോ; | (എ) ഈ വിഷയം സംബന്ധിച്ചുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി കേരള പഞ്ചായത്ത്രാജ് ആക്റ്റ് 232-ാം വകുപ്പും കേരള മുനിസിപ്പാലിറ്റി ആക്റ്റ് 447-ാം വകുപ്പും ഭേദഗതി ചെയ്യാനായി നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) മദ്യഷാപ്പുകൾക്കും ബാറുകൾക്കും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ എൻ.ഒ.സി നിർബന്ധമാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; | (ബി), (സി) ആന്റ് (ഡി) ഇത്തരമൊരു ഉത്തരവ് ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ചിട്ടില്ല. |
| (സി) എങ്കിൽ പ്രസ്തുത ഉത്തരവ് ലൈസൻസ് പുതുക്കുന്നതിനും ബാധകമാക്കുമോ; | |
| (ഡി) പ്രസ്തുത ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ? | |

സെക്ഷൻ ആഫീസർ